(6) നിർദ്ധനരും അവിവാഹിതരുമായ സ്ത്രീകൾക്ക് പെൻഷൻ

ശ്രീമതി കെ.കെ. ശൈലജടീച്ചർ : സർ, സമൂഹത്തിൽ വളരെയധികം ദുരിതമനുഭവിക്കുന്ന വിഭാഗത്തിന് അൽപ്പമെങ്കിലും ആശ്വാസം അനുവദിച്ചു കിട്ടുന്നതിനുവേണ്ടിയാണ് ഞാൻ ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്. നിർദ്ധനരും അവിവാഹിതരുമായിട്ടുള്ള സ്ത്രീകൾക്ക് ജീവിതാശ്വാസമായി ഒരു പെൻഷൻ പദ്ധതി കൊണ്ടുവരുന്നതിനുവേണ്ടിയാണ് ഈ പ്രശ്നം ഗവൺമെന്റിന്റേയും ബഹുമാനപ്പെട്ട ധനകാര്യമന്ത്രിയുടേയും ശ്രദ്ധയിൽപ്പെടുത്തുന്നത്. ഇന്ന് കുടുംബ സംവിധാനത്തിൽ വന്ന കാര്യമായ മാറ്റം, അണുകുടുംബത്തിലേയ്ക്ക് എത്തിയതിനാൽ നേരത്തേ അവിവാഹിതരായ സ്ത്രീകളെ കുടുംബാംഗങ്ങൾ സംരക്ഷിച്ചിരുന്ന രീതിക്ക് മാറ്റം വരുകയാണ്. വിധവകളാണെങ്കിൽ വിധവാ പെൻഷന് അപേക്ഷിക്കാൻ കഴിയും, എന്നാൽ അവിവാഹിതരും നിർദ്ധനരും ജോലിയൊന്നും ഇല്ലാത്തവരും ജോലി ചെയ്യാൻ കഴിവില്ലാതെ വിഷമിക്കുന്നവരുമായ ഒരുപാട് സ്ത്രീകൾ ജീവിത മാർഗ്ഗമില്ലാതെ വലിയ യാതനയാണ് കുടുംബങ്ങളിൽ അനുഭവിക്കുന്നത്. നമ്മുടെ ഗവൺമെന്റ് മുപ്പതിലധികം പെൻഷൻ/ക്ഷേമപരിപാടികൾ ഇവിടെ നടപ്പിലാക്കി വരുന്നുണ്ട്; പതിനൊന്നു ലക്ഷത്തോളം പേർക്ക് അതുവഴി സമാശ്വാസം ലഭിക്കുന്നുണ്ട്. ഈ പദ്ധതികളുടെ കൂട്ടത്തിൽപ്പെടുത്തി അവിവാഹിതരും നിർദ്ധനരുമായ സ്ത്രീകൾക്കുകൂടി എന്തെങ്കിലും പെൻഷൻ പദ്ധതി ഏർപ്പെടുത്തി അവരെ സഹായിക്കണമെന്നാണ് എനിക്ക് അപേക്ഷിക്കാനുള്ളത്.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സർ, നിർദ്ധനരും അവിവാഹിതരുമായ സ്ത്രീകൾക്ക്, വിധവാപെൻഷൻ കൊടുക്കുന്ന മാതൃകയിൽ ജീവിതസായാഹ്നത്തിൽ ഒരു ജീവിതമാർഗ്ഗം ഉണ്ടാക്കിക്കൊടുക്കത്തക്ക രീതിയിൽ പെൻഷൻ കൊടുക്കാൻ ഒരു പദ്ധതി വേണമെന്നാണ് ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത്. അത് അനുകൂലമായി പരിഗണിക്കേണ്ട മനുഷ്യസ്നേഹപരമായ ഒരു ആവശ്യമാണ്. അതുകൊണ്ട് സാമൂഹ്യവികസന വകുപ്പുമായിട്ട് ബന്ധപ്പെട്ട്, ഗവൺമെന്റിന്റെ മറ്റു രണ്ട് വകുപ്പുകളുമായിട്ട് ആലോചിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

(7) പാലക്കാട് സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രി നിർമ്മാണം പൂർത്തീകരിക്കൽ

ശ്രീ. ടി.കെ. നൗഷാദ് : സർ, ഈ വിഷയം ഞാൻ രണ്ടാമത്തെ പ്രാവശ്യമാണ് സഭയിൽ ഉന്നയിക്കുന്നത്. പാലക്കാട് സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രിയുടെ നിർമ്മാണം സംബന്ധിച്ച് ആരോഗ്യവകുപ്പുമന്ത്രി കഴിഞ്ഞ നിയമസഭയിൽ പറഞ്ഞത് ഫണ്ടിന്റെ ലഭ്യത അനുസരിച്ച് പണി പൂർത്തിയാക്കും എന്നാണ്. മനുഷ്യന്റെ ഏറ്റവും പ്രധാനപ്പെട്ട ആവശ്യം രോഗചികിത്സയും ആരോഗ്യ പരിരക്ഷയുമാണ്. ഇതിന് പാവപ്പെട്ട ജനങ്ങൾ പ്രധാനമായും സമീപിക്കുന്നത് സർക്കാർ ആശുപത്രിയെയാണ്. പാലക്കാട് ജില്ലാ ആശുപത്രിയിൽ ഇന്ന് വളരെയധികം അപര്യാപ്തതകൾ നിലനിൽക്കുന്നു. അവിടെ ഇന്ന് സ്ത്രീകളെയും കുട്ടികളെയും കിടത്തി ചികിത്സിക്കുന്ന ആശുപത്രിക്കെട്ടിടം ഉപയോഗശൂന്യമാണെന്ന് എഞ്ചിനിയേഴ്സ് സർട്ടിഫൈ ചെയ്തിട്ടുള്ളതാണ്. വളരെ ശോചനീയമായ നിലയിലാണ് ജില്ലാ ആശുപത്രിയിലെ കെട്ടിടങ്ങൾ സ്ഥിതിചെയ്യുന്നത്. പാലക്കാട് സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രിയുടെ നിർമ്മാണം ആരംഭിച്ചിട്ട് നാലഞ്ച് വർഷം കഴിഞ്ഞിരിക്കുന്നു. ഒരു നിലയുടെ നിർമ്മാണം മാത്രമേ പൂർത്തിയാക്കാൻ കഴിഞ്ഞി

LIBRARY ARCHIVES Kerala Legislative Assembly

ട്ടുള്ളൂ. ഫണ്ടിന്റെ അപര്യാപ്തത കാരണം ബാക്കി പണികൾ പൂർത്തിയാക്കാൻ കഴിഞ്ഞില്ല. അതുകൊണ്ട് ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി അനുഭാവപൂർണ്ണമായ നിലപാട് ഈ കെട്ടിടത്തിന്റെ നിർമ്മാണത്തിൽ സ്വീകരിക്കണം; അതിനാവശ്യമായ തുക വകയിരുത്തണമെന്ന് അഭ്യർത്ഥിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സർ, ഇതിന് രണ്ട് വശമുണ്ട്. ഒന്ന് ആശുപത്രി പാലക്കാട് അത്യാവശ്യമാണെന്നുള്ളത്. മറ്റൊന്ന് കുറെ പണം ചെലവഴിച്ച് ഒരു വലിയ ബ്ലോക്ക് പൂർത്തിയാകാതെ കിടക്കുകയാണെന്നുള്ളതാണ്-ഈ അസംബ്ലിമന്ദിരം എത്രകാലം മോചനം കിട്ടാതെ കിടന്നു-അതുപോലെ. അപ്പോൾ അത് പൂർത്തീകരിക്കാനുള്ള നടപടി ഗവൺമെന്റ് കൈക്കൊണ്ടില്ലെങ്കിൽ ഇൻവെസ്റ്റ് ചെയ്ത ഈ പണം വൃഥാവിലാകും. അത് ചെയ്യാൻ പരമാവധി ആഗ്രഹം ഇല്ലാഞ്ഞിട്ടല്ല. ഗവൺമെന്റിന്റെ സാമ്പത്തിക സ്ഥിതിയെക്കുറിച്ച് പ്രതിപക്ഷമൊക്കെ പറഞ്ഞു. ഇത് രണ്ട് കൂട്ടർക്കും അറിയുന്നതാണ്. ആ പരിധിയിൽ നിന്നുകൊണ്ട് ഇതിനാവശ്യമായ പണം വകയിരുത്താൻ ശ്രമിക്കാം. wait for better times. കുറച്ചുകൂടി അനുകൂലമായ സാമ്പത്തികസ്ഥിതി വേഗം ഉണ്ടാകും എന്നാണ് വിചാരിക്കുന്നത്. അതുണ്ടാകുന്ന മുറയ്ക്ക് ഈ ഗവൺമെന്റ് തന്നെ ചെയ്യും; അതിന് വേറെ തർക്കം വേണ്ട. ഏതായാലും ഇതിനുവേണ്ട പണം കൊടുക്കുന്നതാണ്. ഗവൺമെന്റിന്റെ സാമ്പത്തിക പരിമിതിയിൽ നിന്നുകൊണ്ട് ഈ പണി പൂർത്തീകരിക്കാൻ പരമാവധി ശ്രമിക്കുന്നതാണ്.

(8) കാസർഗോഡ് ആലമ്പാടി പാലത്തിന്റെ അപ്രോച്ച് റോഡിന്റെ പണി

ശ്രീ. സി.ടി. അഹമ്മദ് അലി : സർ, കാസർഗോഡ് നിയോജകമണ്ഡലത്തിലെ എം.എൽ.എ. റോഡായ പെരിമ്പടക്കടവ്-ആലമ്പാടി റോഡിൽപ്പെട്ട, നിർമ്മാണം പൂർത്തിയാക്കിയ പാലമാണ് ആലമ്പാടി പാലം. പാലംപണി പൂർത്തിയാക്കിയിട്ട് ഏതാണ്ട് ഒരു വർഷത്തിൽ കൂടുതലായി. ടെണ്ടർ പ്രകാരം പാലവും അപ്രോച്ച് റോഡും ഓരോ പ്രത്യേക എഗ്രിമെന്റ് പ്രകാരം പൂർത്തിയാക്കേണ്ടതാണ്. പാലം പണി പൂർത്തിയാക്കിയതല്ലാതെ ഇന്നുവരെ കരാറുകാർ അപ്രോച്ച് റോഡിന്റെ പണി തുടങ്ങിയിട്ടില്ല. ഇതിനുവേണ്ടി ധർണ്ണകളും സമരങ്ങളും നടന്നുവരുന്നുണ്ട്. പാവപ്പെട്ട ചെറുകിട കൃഷിക്കാരും വിദ്യാർത്ഥികളും അപ്രോച്ച് റോഡ് പണി പൂർത്തിയാകാത്തതിനാൽ വളരെയേറെ വിഷമിക്കുന്നു. അപ്രോച്ച് റോഡിന്റെ പണി പൂർത്തിയാക്കാത്തതുകാരണം പാലം ഗതാഗത യോഗ്യമാക്കാൻ കഴിഞ്ഞില്ല. അടിയന്തിരമായി ഈ അപ്രോച്ച് റോഡിന്റെ പണി പൂർത്തീകരിച്ച് പാലം ഗതാഗതത്തിന് തുറന്നുകൊടുക്കാൻ ആവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) : സർ, ഈ പാലം പണിതീർന്ന് അപ്രോച്ച് റോഡിനാവശ്യമായ സ്ഥലം വിട്ടുകിട്ടാൻ താമസിച്ചു. ബഹുമാനപ്പെട്ട മെമ്പർക്ക് അത് അറിയാവുന്നതാണ്. ഇപ്പോൾ സ്ഥലം വിട്ടുകിട്ടിയിട്ടുണ്ട്. കോൺട്രാക്ടർക്ക് പണി തുടങ്ങാൻ നിർദ്ദേശം കൊടുത്തിട്ടുണ്ട്. ഇനിയും തുടങ്ങുന്നില്ലെങ്കിൽ ഈ കോൺട്രാക്ടറുമായിട്ടുള്ള എഗ്രിമെന്റ് ടെർമിനേറ്റ് ചെയ്ത് അപ്രോച്ച് റോഡ് നിർമ്മിക്കുന്നതിന് വേറെ ഏർപ്പാടുകൾ ചെയ്യുന്നതാണ്. ഉടനെതന്നെ പണി തുടങ്ങാനുള്ള നിർദ്ദേശം കൊടുത്തിട്ടുണ്ട്. അൽപ്പം സമയംകൂടി നോക്കിയതിനുശേഷം

LIBRARY ARCHIVES Kerala Legislative Assembly